13. ജമിനി എഞ്ചിനീയറിംഗ് കമ്പനി (ഇൻഡ്യ), എറണാകുളം

| | | രൂപ |
|---|---|---|
| എ. | റെക്സ്/ജെമിനി സ്യൂയിംഗ് മിഷ്യൻ (ഡൊമസ്റ്റിക്) | 1200.00 |
| ബി. | ഡൊമസ്റ്റിക് ടെയിലർ മോഡൽ | 1200.00 |
| സി. | ഡൊമസ്റ്റിക് ടെയിലർ സൂപ്പർ പേർപ്പുലർ സ്കയർ ഡാം | 1250.00 |
| ഡി. | ഡൊമസ്റ്റിക് ഡീലക്സ് | 1300.00 |
| ഇ. | ഡൊമസ്റ്റിക് സ്കയർ ഡാം സ്റ്റീം ലൈൻഡ് സ്പെഷ്യൽ | 1600.00 |
| എഫ്. | ഓവർ ലോക്ക് | 1750.00 |
| ജി. | അംബ്രലാ മോഡൽ | 1910.00 |
| എച്ച്. | എംബ്രോയിടറി സിംഗ് സാഗ് | 2100.00 |
| ഐ. | ലെതർ സ്റ്റിച്ചിംഗ് മിഷ്യൻ | 2300.00 |

(ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

വികസന ബ്ലോക്കുകളുടെ വാഹനങ്ങൾ

316. [496] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വികസന ബ്ലോക്കുകളുടെ ആവശ്യത്തിനായി എത്ര വാഹനങ്ങളുണ്ട്;

(ബി) അവ അലോട്ടു ചെയ്യുന്നതിനുള്ള മാനദണ്ഡമെന്താണ്;

(സി) മലയോരപ്രദേശം ഉൾക്കൊള്ളുന്ന ബ്ലോക്കുകൾക്ക് എന്തെങ്കിലും പ്രത്യേക പരിഗണനയുണ്ടോ;

(ഡി) തിരുവനന്തപുരം ജില്ലയിൽ ഇപ്പോൾ എത്ര വാഹനങ്ങളുണ്ട്;

(ഇ) അതിൽ ഏറ്റവും ഒടുവിലിറങ്ങിയ വാഹനങ്ങൾ കൊടുത്തിട്ടുള്ളത് ഏതെല്ലാം ബ്ലോക്കുകൾക്കാണെന്നു വ്യക്തമാക്കുമോ;

(എഫ്) പെരുങ്കടവിള ബ്ലോക്കിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഒരു സ്ഥിരം വാഹനം കൊടുക്കാൻ വേണ്ടി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 185.

(ബി) ഓരോ ബ്ലോക്കിന്റെയും ആവശ്യം കണക്കിലെടുക്കുകയും മറ്റു വാഹനങ്ങൾ ചെന്നെത്തുവാൻ ബുദ്ധിമുട്ടുള്ള മലയോര പ്രദേശങ്ങളിലുള്ള ബ്ലോക്കുകൾക്ക് മുൻഗണന നൽകുകയുമാണ് മാനദണ്ഡം.

(സി) ഉണ്ട്.

(ഡി) 15.

(ഇ) ഏറ്റവും ഒടുവിലായി തിരുവനന്തപുരം (റൂറൽ) ബ്ലോക്കിനും, നെടുങ്കണ്ടം ബ്ലോക്കിനും ഓരോ പുതിയ ജീപ്പ് അനുവദിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പെരുങ്കടവിള ബ്ലോക്കിൽ ഒരു സ്ഥിരം വാഹനമുണ്ട്. ഇപ്പോൾ അതിന്റെ റിപ്പയർ നടക്കുകയാണ്. റിപ്പയർ തീരുന്നതുവരെ കളക്ഷനറേറിലെ ടെംപോവാൻ ആ ബ്ലോക്കിലെ ഉപയോഗത്തിനു നൽകിയിട്ടുണ്ട്.

വികസന ബ്ലോക്കുകളിലെ ഫീഡിംഗ് സെൻററുകൾ

317. [497] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) കേരളത്തിലെ വികസന ബ്ലോക്കുകളിലെല്ലാം കൂടി എത്ര ഫീഡിംഗ് ഡെൻററുകൾ ഉണ്ട് ; അവയിൽ ഹരിജൻ കോളനികളിൽ സ്ഥിതി ചെയ്യുന്നവ എത്ര ;

(ബി) ഫീഡിംഗ് കൺവീനർമാർക്ക് എത്ര രൂപ വീതം ആണ് അലവൻസ് നൽകി വരുന്നത് ;

(സി) ഈ ഇനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എന്തു തുക ചെലവായിട്ടുണ്ട് ;

(ഡി) കൺവീനർമാരുടെ അലവൻസ് കൃത്യമായി വിതരണം ചെയ്യുന്നില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) കൺവീനർമാരുടെ അലവൻസ് വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് വല്ല നിർദ്ദേശവും ഗവൺമെൻറിന്റെ പരിഗണനയിലുണ്ടോ ?

ഉത്തരം

(എ) കേരളത്തിലെ വികസന ബ്ലോക്കുകളിലെല്ലാം കൂടി 4011 ഫീഡിംഗ് സെൻററുകൾ ഉണ്ട്. അതിൽ 95 എണ്ണം ഹരിജൻ കോളനികളിലാണ് സ്ഥിതി ചെയ്യുന്നത്.

(ബി) ഫീഡിംഗ് കൺവീനർമാർക്ക് പ്രതിമാസം 40 രൂപ അലവൻസായി നൽകി വരുന്നുണ്ട്.

(സി) കഴിഞ്ഞ സാമ്പത്തിക വർഷം കൺവീനർമാർക്കുള്ള അലവൻസും ഹാൻഡ്ലിംഗ് ചാർജും ഇനത്തിൽ 45.7 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഉണ്ട്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

## II. ശ്രദ്ധ ക്ഷണിക്കൽ

### (1) കള്ളുഷാപ്പുകൾ കോൺട്രാക്ട് എടുക്കുവാൻ തയ്യാറാകാത്തതുമൂലം ചെത്തുതൊഴിലാളികളും ഷാപ്പു ജീവനക്കാരും നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. കെ. പി. പ്രഭാകരൻ : സർ, ഈ മാർച്ച് 20-ാം തീയതി 1986-87-ലേക്കുള്ള സംസ്ഥാനത്തെ അബ്കാരി ഓക്ഷൻ അവസാനിച്ചിരിക്കുകയാണ്. അബ്കാരി ഷോപ്പുകളുടെ ലേലനടപടികൾ 20-ാം തീയതി അവസാനിച്ചു. എന്നാൽ ഈ ലേലനടപടികൾ അവസാനിച്ചശേഷവും ഏതാണ്ട് ഇരുനൂറിലധികം കള്ളുഷാപ്പു

9.30 A.M.]



LIBRARY ARCHIVES Kerala Legislative Assembly